ജനനീതിയുടെ 18-ാമത് വാർഷിക റിപ്പോർട്ട്
2009-2010

2010 ജൂൺ 27ന്, 3.00 മണിക്ക് ജനനീതി ഹാളിൽ സമ്മേളിച്ച ജനനീതിയുടെ 18-ാമത് വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ചത്

1. മുഖവുര: ജനനീതി 19-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണിന്ന്. ഉദാരമതികളായ ജനനീതി കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും സ്ഥാപനങ്ങളുടെയും സഹായംകൊണ്ടുമാത്രമാണ് ജനനീതി ഇന്നും സക്രിയമായി നിലനിൽക്കുന്നത്. ഈ ഓർമ്മകൾ നമ്മെ വിനയമുള്ളവരാക്കുന്നു.

കഴിഞ്ഞ വർഷം ജനനീതി ഭരണസമിതി ഏഴുതവണ യോഗം ചേരുകയും, ജനനീതിയുടെ ദർശനവും പ്രവർത്തനവുമായി ബന്ധപെട്ട വിഷയങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. മനുഷ്യരിൽ നടത്തപ്പെടുന്ന മരുന്നു പരീക്ഷണങ്ങളിലെ അഴിമതിയെക്കുറിച്ച് ജനനീതി ഏറ്റെടുത്ത ഗവേഷണ പഠനത്തിന് ലഭിച്ച സാമ്പത്തിക സഹായമായിരുന്നു ഈ കാലഘട്ടത്തിലെ മുഖ്യമായ വിഭവശ്രോതസ്സ്. ഈ കാലഘട്ടത്തിൽതന്നെ ജനനീതി കൂടുതലായി ഇടപെട്ട ഒരു മേഖല പരിസ്ഥിതി സംരക്ഷണമായിരുന്നു. കൂടാതെ, നിയമസഹായം സാന്ത്വന നൈതിക സേവനം, നിയമസാക്ഷരത, സ്ത്രീ ശാക്തീകരണം, തർക്കപരിഹാരം, പൗരാവകാശങ്ങൾ എന്നീ രംഗങ്ങളിലുള്ള സേവനങ്ങൾ അവിരാമം തുടരുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും ഏറ്റവുമധികം പേർ ജനനീതിയുടെ പരിശീലനം തേടിയെത്തിയത് ഈ കാലയളവിലാണ്.

2. **മരുന്നു പരീക്ഷണങ്ങളുടെ മറുപുറം:** 2009-2010 കാലയളവിൽ ജനനീതി ഏറ്റെടുത്ത സാമൂഹ്യ ഗവേഷണ പ്രമേയമാണ് മരുന്നു പരീക്ഷണങ്ങളിലെ നൈതിക ലംഘനങ്ങളും അഴിമതിയും. 2009 ജൂൺ 15 മുതൽ 2010 ജൂൺ 14 വരെയാണ് പഠന കാലം. അഡ്വ. പി സുനിൽകുമാറാണ് ഈ ഗവേഷണ പഠനത്തിന് നേതൃത്വം നൽകിവരുന്നത്. 2010 ജൂൺ 14ന് ആദ്യഘട്ടം കഴിഞ്ഞുവെങ്കിലും അടുത്ത 18 മാസം നീളുന്ന രണ്ടാം ഘട്ടം കൂടി അനുവദിച്ചു കിട്ടുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ജനനീതി തുടങ്ങിവച്ച പരിഷ്കാര നടപടികൾ അംഗീകരിക്കപ്പെടാൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആവശ്യമാണ്.

മരുന്നു പരീക്ഷണ രംഗത്ത് ജനനീതി കണ്ടെത്തിയ കൃത്യമായ വസ്തുതകൾ:

(a) മരുന്നു പരീക്ഷണങ്ങളിൽ നിർബ്ബന്ധമായും അനുവർത്തിക്കേണ്ട നൈതിക മാനദണ്ഡങ്ങൾ വ്യാപകമായി ലംഘിക്കപ്പെടുന്നു.
(b) രോഗികളുടെ സമ്മതമോ അറിവോ കൂടാതെ അവരിൽ മരുന്നു പരീക്ഷണങ്ങൾ നടക്കുന്നു. തെറ്റായ വിവരങ്ങൾ നൽകിയും സ്വാധീനം ചെലുത്തിയും രോഗിയെ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നു.
(c) ലാഭം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന Contract Research Organisation എന്ന സ്വകാര്യ ഏജൻസി മരുന്നു പരീക്ഷണ മഖലയിലെ മൊത്ത വ്യാപാരികളാണ്. അവർ മരുന്നു പരീക്ഷണങ്ങളെ കുത്തഴിഞ്ഞതും അഴിമതി നിറഞ്ഞതുമാക്കുന്നു.
(d) വ്യക്തവും കൃത്യവുമായ നിയമങ്ങളുടെ അഭാവം മരുന്നു പരീക്ഷണങ്ങളെ വിധ്വംസക ശക്തികളുടെ കേളീരംഗമാക്കുന്നു.
(e) ഈ അഴിമതികളുടെയും കുറ്റകൃത്യങ്ങളുടെയും ഇരകൾ മിക്കപ്പോഴും സമൂഹത്തിലെ ഏറ്റവും ദുർബ്ബലരും അസംഘടിതരും ആകുന്നു. അതിനാൽ നിയമനടപടികൾ ഒന്നും നടക്കുന്നില്ല.
(f) കുറ്റവാളികളും നിക്ഷിപ്ത താല്പര്യക്കാരും രാഷ്ട്രീയ നേതൃത്വത്തിലും ഭരണരംഗത്തും ശക്തരും ഭരണ തീരുമാനങ്ങളിൽ സ്വാധീനം ചെലുത്താൻ കഴിവുള്ളവരുമാണ്.

മരുന്നു പരീക്ഷണങ്ങളിൽ നിർബ്ബന്ധമായും പാലിക്കേണ്ട നൈതിക മാനദണ്ഡങ്ങളും ശാസ്ത്രീയ നിലവാരവും സംബന്ധിച്ച ഒരു കൈപുസ്തകം പ്രസിദ്ധീകരിക്കുക വഴി ഈ രംഗത്തെ അജ്ഞത കുറേയെങ്കിലും പരിഹരിക്കുന്നതിന് ജനനീതിക്ക് കഴിഞ്ഞു. ജനനീതിയുടെ ഇടപെടലുകൾ ഇന്ത്യയിലും വിദേശത്തും ശ്രദ്ധിക്കപ്പെട്ടു. ചെറുതെങ്കിലും ശ്രദ്ധേയങ്ങളായ ചില മാറ്റങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലും വ്യക്തികളിലും കണ്ടുതുടങ്ങിയിട്ടുണ്ട്. രണ്ടാംഘട്ടം പൊതു സമൂഹത്തിൽ ഇതു സംബന്ധിച്ച ധാരണകൾ പ്രചരിപ്പിക്കാനാണ് മുൻതൂക്കം നൽകുക.

3. നിയമസഹായം: 2009-10 കാലഘട്ടത്തിൽ 1500 ലധികം പേർക്ക് ഫോൺവഴി നിയമോപദേശം നൽകാൻ ജനനീതിക്ക് കഴിഞ്ഞു. 500ലധികം പേർ ഈ കാലയളവിൽ വിവിധ ആവശ്യങ്ങൾക്കായി ജനനീതി ഓഫീസിലെത്തി. 85 പേർക്ക് സൈക്കോ-ലീഗൽ കൗൺസിലിംഗ് ആരംഭിച്ചു. 92 പരാതികളാണ് ഈ റിപ്പോർട്ട് വർഷത്തിൽ ഫയലിൽ സ്വീകരിച്ചത്. അവയിൽ 24 പരാതികൾ ചർച്ചകൾ വഴി വിജയകരമായി പരിഹരിച്ചപ്പോൾ, ബന്ധപ്പെട്ടവരുടെ സഹകരണമില്ലായ്മ മൂലം 26 പരാതികൾ ഇടയ്ക്ക്വച്ച് ഉപേക്ഷിക്കേണ്ടിവന്നു. 17 പരാതികൾ അനന്തര നടപടികൾക്കായി വിവിധ കോടതികളിലേക്ക് അയച്ചു. 25 പരാതികളുടെ പരിഹാരം ചർച്ചകളിലൂടെ വിജയിച്ചുകൊണ്ടിരിക്കുന്നു.

4. നിയമ സാക്ഷരത: ജനനീതി ഓഫീസിൽ സ്റ്റാഫിന്റെ എണ്ണം കുറവായത് ജനങ്ങൾക്കിടയിലെ സാക്ഷരതാ പ്രവർത്തനങ്ങളെയും പാരിസ്ഥിതിക ഇടപെടലുകളെയും ബാധിച്ചിട്ടുണ്ടെങ്കിലും നടപ്പുവർഷം 240 നിയമ ബോധന ക്ലാസ്സുകൾ ഗ്രാമങ്ങളിൽ സ്ത്രീകൾക്കായി സംഘടിപ്പിക്കുന്നതിന് കഴിഞ്ഞു. ജയശ്രിയുടെയും ഹേമയുടെയും നേതൃത്വത്തിൽ നടത്തപ്പെട്ട ക്ലാസ്സുകളിൽ 10,000ലധികം സ്ത്രീകൾ പങ്കെടുത്തിട്ടുണ്ട്. ജില്ലയിലെ ICDS പ്രവർത്തന ശൃംഖല വഴിയാണ് പ്രധാനമായും ജനനീതിയുടെ ബോധന സദസ്സുകൾ സംഘടിപ്പിക്കുന്നത്.

5. പരിസ്ഥിതി സംരക്ഷണം: ഈ കാലഘട്ടത്തിൽ തൃശൂർ ജില്ലയിൽ സംഭവിച്ച എല്ലാ പാരിസ്ഥിതിക പ്രതിരോധ പ്രവർത്തനങ്ങളിലും സജീവമായി ഇടപെടുന്നതിന് ജനനീതിയ്ക്ക് കഴിഞ്ഞു. ചക്കുംകണ്ടം മാലിന്യപ്രശ്നം, അതിരപ്പിള്ളി പദ്ധതി, മുരിയാട് കർഷകസമരം, ലാലൂർ നഗര മാലിന്യം, ചെങ്ങറ ഭൂസമരം, പ്ലാച്ചിമട കോള വിരുദ്ധ സമരം, ബി.റ്റി വഴുതനങ്ങ, കാതിക്കൂടത്തെ നിജിൽ കമ്പനിയുടെ മലിനീകരണം, ഹൈവേ വകസനത്തിലെ നീതി നിഷേധങ്ങൾ, ഒറീസ്സയിലെ പോസ്കോ സമരം- ഇവയിലെല്ലാം ജനനീതി സ്വന്തം നിലയിലും പൊതുജനമുന്നേറ്റങ്ങളോട് യോജിച്ചും അർത്ഥവത്തായി പ്രതികരിച്ചിട്ടുണ്ട്.

6. ഗാർഹിക പീഡന പരിഹാരവും വയോജന സംരക്ഷണവും: സേവന ദാതാവ് എന്ന നിലയിൽ ജനനീതിയുടെ പ്രവർത്തനങ്ങൾ അനേകം പേർക്ക് നൽകാൻ ഈ കാലയളവിൽ കഴിഞ്ഞു. അഡ്വ. ഹേമയുടെ സേവനം അധികവും ഈ മേഖലയിലാണ് ചെലവഴിച്ചുവരുന്നത്. ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുമായി സംയോജിച്ചുകൊണ്ടാണ് ഈ രംഗത്തെ സേവനങ്ങൾ ക്രമപ്പെടുത്തുന്നത്. കൂടുതൽ കേസുകൾ കോടതികളിൽ എത്തിക്കുക എന്നതിലുപരി പരമമാവധി തർക്കങ്ങളും പരാതികളും രമ്യമായും നീതിപൂർവ്വകമായും പരിഹരിക്കുന്നതിനാണ് ജനനീതി ശ്രദ്ധിച്ചിട്ടുള്ളത്. ഈ രംഗത്ത് ഗവൺമെന്റിന്റെ നയങ്ങളുമായി ജനനീതിക്ക് വിയോജിപ്പുകൾ ഉള്ളതിനാൽ കൂടുതൽ ശ്രദ്ധയും ക്ഷമയും ആവശ്യമായിവരുന്നു.

7. മനുഷ്യാവകാശ സംരക്ഷണം: ലോക പീഡന- വിരുദ്ധ ദിനമായ ജൂൺ 26 ഗവൺമെന്റ് ലോ കോളേജുമായി സഹകരിച്ചുകൊണ്ട് ഏകദിന ചലചിത്രമേള നടത്തി. 10 വർഷമായി നിരാഹാരം അനുഷ്ഠിച്ചുകൊണ്ട് കിരാതമായ ഒരു നിയമ വ്യവസ്ഥക്ക് എതിരെ പോരാടുന്ന ഇറോം ഷാർമീളയ്ക്ക് അനുകൂലമായി പന്തമേന്തിയ പെണ്ണുങ്ങൾ എന്ന ഏകാങ്ക നാടകം അക്കാദമി മുറ്റത്ത് സംഘടിപ്പിച്ചു; ഡിസംബർ 6 മുതൽ 10 വരെ ഒരാഴ്ചക്കാലം മനുഷ്യാവകാശ ഹ്രസ്വ ചലചിത്രങ്ങളുടെ മേള ചേതനയുമായി ചേർന്ന് സംഘടിപ്പിച്ചു; നവംമ്പർ 25 മുതൽ 30 വരെയുള്ള ഒരാഴ്ചക്കാലം

സ്ത്രീകളുടെ അവകാശ വാരമായി പരിപാടികൾ സംഘടിപ്പിച്ചു. ജനാധിപത്യവും നവമാധ്യമങ്ങളും- എന്ന വിഷയത്തിൽ ഡോ. ടി.ടി. ശ്രീകുമാറിന്റെ പ്രഭാഷണം സംഘടിപ്പിച്ചു; മാവോയിസ്റ്റുകൾ എന്ന ആരോപണമുയർത്തി ഇന്ത്യയുടെ പല ദിക്കുകളിൽ പാവപ്പെട്ട ആദിവാസികളെ വേട്ടയാടുന്നതിനെതിരെ നിരന്തരമായി പ്രതിഷേധിച്ചുകൊണ്ടിരിക്കുന്നു.

8. **പരിശീലനം:** കാലിക്കറ്റ് സംസ്കൃത സർവ്വകലാശാലകളിലെ MSW വിദ്യാർത്ഥികൾക്കായി രണ്ട് ഘട്ടമായി ജനനീതിയിൽ പരിശീലന ക്യാമ്പുകൾ നടത്തി. ഈ കാലയളവിൽ കൊച്ചിയിലെ CUSAT, NUALS എന്നീ നിയമ മഹാവിദ്യാലങ്ങളിൽ നിന്നും ജോഡ്പൂർ, ബംഗ്ലൂർ നാഷണൽ ലോ സ്കൂളുകളിൽനിന്നും വിദ്യാർത്ഥികൾ പരിശീലനം തേടിയെത്തി. കൂടാതെ നെതർലണ്ട്. ഐർലണ്ട്, കാനഡ എന്നിവിടങ്ങളിൽനിന്നും യുവതീ-യുവാക്കൾ ജനനീതിയുടെ പരിശീലനം അന്വേഷിച്ചെത്തി.

9. ജനനീതി കുടുംബാംഗം അഡ്വ. ഫരീദ അൻസാരി ജില്ലാ ശിശുക്ഷേമ സമിതിയംഗമായി ഈ കാലയളവിൽ സ്തുത്യർഹമായി സേവനം നടത്തി. റാഗിംഗിനെതിരെയും തൊഴിലിടങ്ങളിലെ ലൈംഗിക പീഡനത്തിനെതിരെയും, തുല്യനിതിയ്ക്ക് വേണ്ടിയും രൂപീകൃതമായ കമ്മിറ്റികളിലും സമിതികളിലും ജനനീതി സേവനം നൽകിവരുന്നുണ്ട്.

10. ജനനീതി മാസിക: ജനനീതി കുടുംബാംഗം ടി.വി. അച്ചുതവാര്യരുടെ ശ്രദ്ധാപൂർവ്വമായ മേൽനോട്ടത്തിൽ ജനനീതി മാസിക മുടക്കം കൂടാതെ എല്ലാ മാസവും 28-ാം തിയ്യതി തപാലിൽ എത്തുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥനങ്ങളിൽ നടക്കുന്ന ജനാധിപത്യ-നൈതിക-മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ ശക്തമായ ഭാഷയിൽ, വിട്ടുവീഴ്ച കൂടാതെ, പോരാടുന്നതിന്ന് ജനനീതി മാസികയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

11. ഭാവി പ്രതീക്ഷകൾ: *അഗതികളായ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ഒരു താൽക്കാലിക അഭയകേന്ദ്രം:* മുതിർന്ന പൗരന്മാർക്ക് സ്വാതന്ത്ര്യവും ആത്മാഭിമാനവും സംരക്ഷിച്ചുകൊണ്ട് സംഘബലത്തോടുകൂടി വാർദ്ധക്യം ആസ്വദിക്കാൻ കഴിയുന്ന ഒരു ആവാസകേന്ദ്രം എന്നീ സ്വപ്നങ്ങൾ ജനനീതി ഇപ്പഴും മനസ്സിൽ സൂക്ഷിക്കുന്നു; പോംവഴികൾ തേടുന്നു.

എല്ലാവരോടും കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ജനനീതിയുടെ 2009-2010 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അംഗീകാരത്തിന്നായി സമർപ്പിക്കുന്നു.

ജോർജ് പുലികുത്തിയിൽ
എക്സി. ഡയറക്ടർ